## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 327

24.02.2016-ൽ മറുപടിയ്ക്ക്

### മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകളും നിയന്ത്രണങ്ങളും

**ചോദ്യം**

ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
ശ്രീ.സി.മമ്മൂട്ടി
ശ്രീ.റ്റി.എ.അഹമ്മദ് കബീർ
ശ്രീ.സി.മോയിൻ കുട്ടി

(എ) നിരത്തിൽ വാഹനമോടിക്കുന്നവർ, നിലവിലെ മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകളും നിയന്ത്രണങ്ങളും പാലിക്കാൻ വൈമനസ്യം കാണിക്കുകയും, അതുമൂലമുള്ള അപകടങ്ങളിൽ നിരപരാധികൾക്ക് ജീവഹാനിയുൾപ്പടെ സംഭവിക്കുന്ന സ്ഥിതിവിശേഷം തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ പുതിയ ഏതെങ്കിലും പരിഹാര നടപടിയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ; എങ്കിൽ അതെന്തെന്ന് വിശദീകരിക്കാമോ ;

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും
വകുപ്പ് മന്ത്രി)

(എ) കേരളത്തിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനും, പൊതുജനങ്ങൾ റോഡ് ഗതാഗത നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനുമായി "ശുഭയാത്ര 2015" എന്നപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പിലാക്കുക, ട്രാഫിക് പ്രവൃത്തികൾ ചെയ്യുക, ട്രാഫിക് ബോധവൽകരണം നടത്തുക എന്നീ കാര്യങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. സുരക്ഷിതമായ റോഡ് യാത്ര ഉറപ്പാക്കിക്കൊണ്ട് സംസ്ഥാനത്തെ റോഡുകൾ അപകട രഹിതമാക്കുക എന്നുള്ളതാണ് ഈ പദ്ധതികൊണ്ട് മുഖ്യമായും ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ട്രാഫിക് സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇരുചക്രമുൾപ്പെടെയുള്ള വാഹനങ്ങൾ ഓടിക്കുന്നവർ ആവശ്യം അറിഞ്ഞിരിക്കേണ്ടതും പാലിക്കേണ്ടതുമായ നിയമങ്ങളേയും

വസ്തുതകളേയും കുറിച്ച് ഇവരെ ബോധവൽക്കരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നിയമങ്ങളും, നിബന്ധനകളും നടപ്പാക്കണമെന്ന നിർദ്ദേശങ്ങൾ അവഗണിക്കപ്പെടുകയും, അവ നടപ്പാക്കാൻ ശ്രമിക്കുന്ന ഉദ്യോഗസ്ഥരുടെ മേൽ സമ്മർദ്ദവും ഭീഷണിയും ഉണ്ടാവുകയും ചെയ്യുന്ന സാഹചര്യം നേരിടാൻ എന്തെങ്കിലും പരിഷ്കാരം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

(ബി) ഇത്തരത്തിലുള്ള സാഹചര്യം നേരിടാനുള്ള പരിഷ്കാരങ്ങൾ നടപ്പാക്കുന്നുണ്ട്. ഈ വഴിക്കുള്ള ഒരു പുതിയ കാൽവയ്പ്പായി ചേർത്തല - മണ്ണുത്തി, മണ്ണുത്തി - മഞ്ചേശ്വരം നാഷണൽ ഹൈവേയിലും തൃശ്ശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളിലുമായി 201 നിരീക്ഷണ ക്യാമറാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിയമലംഘകരെ ക്യാമറ സംവിധാനത്തിലൂടെ കണ്ടെത്തി അവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയാണ് ഈ സംവിധാനത്തിലൂടെ ചെയ്തു വരുന്നത്. 'തേർഡ് ഐ' എന്ന സംവിധാനത്തിലൂടെ കുറ്റകൃത്യങ്ങൾ ക്യാമറയിൽ പകർത്തി തെളിവായി സ്വീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. ഈ രീതിയിൽ തെളിവുകൾ സഹിതം കുറ്റകൃത്യങ്ങൾ രേഖപ്പെടുത്തുകയും, നടപടി സ്വീകരിക്കുകയും ചെയ്യുന്നതുമൂലം ഉദ്യോഗസ്ഥരുടെ മേലുള്ള സമ്മർദ്ദവും ഭീഷണിയും ഒഴിവാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ